വായ്പയും മറ്റു പ്രവർത്തനങ്ങൾക്ക് തിരിച്ചടവ് പ്രായോഗികമാക്കുന്ന തരത്തിൽ മദ്ധ്യകാല/ദീർഘകാല വായ്പയും നൽകി വരുന്നു. പ്രാഥമിക സഹകരണ ബാങ്കിന് ജില്ലാ സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കിന് സംസ്ഥാന സഹകരണ ബാങ്കും പുനർ വായ്പ നൽകി വരുന്നു.

**സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കിലുമുള്ള നിയമനങ്ങൾ**

**140 (308)** ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എം. കെ. മുനീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ 1999 വരെ സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകളിലും ഓരോ തസ്തികകളിൽ എത്ര പേരെവീതം നിയമിച്ചു ;

(ബി) ഇതിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് നിയമനം നൽകി ;

(സി) മറ്റ് സംവരണ വിഭാഗത്തിൽപ്പെട്ട എത്ര പേരെ ഈ നിയമനങ്ങളിൽ തെരഞ്ഞെടുത്തു ;

(ഡി) ഇത്തരം നിയമനങ്ങളിൽ സംവരണ വിഭാഗത്തിൽപ്പെട്ടവരുടെ കുറവ് നികത്താൻ അവർക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 1996 മുതൽ 1999 വരെയുള്ള കാലയളവിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ 99 പേരെയും ആശ്രിത നിയമനം വഴിയും, വികലാംഗരെ സ്ഥിരപ്പെടുത്തിയതു വഴിയും 34 പേരെയും ജില്ലാ സഹകരണ ബാങ്കുകളിലും സംസ്ഥാന ബാങ്കിലും (മൊത്തം 133 പേരെ) നിയമിച്ചു. തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 11 പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) മറ്റ് സംവരണ വിഭാഗത്തിൽപ്പെട്ട 15 പേരെ തെരഞ്ഞെടുത്തു.

(ഡി) കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 80 (4) അനുസരിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 10% റിസർവേഷനുള്ള വ്യവസ്ഥയാണുള്ളത്. ഈ വ്യവസ്ഥ നിലവിൽ വന്നത് 25-2-1985-ന് ആണ്. അതിനാൽ പ്രസ്തുത തീയതിക്കുശേഷം സഹകരണ സംഘങ്ങളിൽ നടത്തുന്ന നേരിട്ടുള്ള നിയമനത്തിൽ ടി സംവരണ വ്യവസ്ഥ കർശനമായും

† അനുബന്ധം XXI

LIBRARY ARCHIVES Kerala Legislative Assembly

പാലിക്കണമെന്ന് സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് സംവരണ വിഭാഗത്തിൽപ്പെട്ടവർക്ക് കേരള സഹകരണ സംഘം നിയമപ്രകാരം നിയമനത്തിൽ സംവരണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ നേരിട്ടുള്ള നിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടിട്ടുള്ള സഹകരണ സംഘങ്ങളിൽ മറ്റ് സംവരണ വിഭാഗത്തിൽപ്പെട്ടവർക്കും പബ്ലിക് സർവ്വീസിൽ നിലവിലുള്ള സംവരണ വ്യവസ്ഥ പ്രകാരം തന്നെ നിയമനത്തിൽ സംവരണം ലഭിക്കുന്നതാണ്. അതിനാൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തേണ്ട ആവശ്യം ഉദിക്കുന്നില്ല.

**പുതിയ സഹകരണ സൊസൈറ്റികൾ**

141 (309) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 ജൂൺ മുതൽ സഹകരണ മേഖലയിൽ എത്ര പുതിയ സഹകരണ സൊസൈറ്റികൾ രൂപീകരിക്കുകയുണ്ടായി; ഏതെല്ലാം മേഖലയിലാണെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ഈ സൊസൈറ്റികളിൽ ഉല്പാദന മേഖലയിൽ എത്ര എണ്ണം ഉണ്ട്; വിശദാംശം ജില്ല തിരിച്ചുള്ള ലിസ്റ്റ് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സൊസൈറ്റികളിൽ സ്റ്റാഫിനെ നിയമിച്ചത് ഏത് ഏജൻസി വഴിയാണ്;

(ഡി) അതിന് സ്വീകരിച്ച മാനദണ്ഡം എന്തെല്ലാമാണ്; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1996 ജൂൺ മുതൽ സഹകരണ വകുപ്പിന്റെ കീഴിൽ 794 സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.†

(ബി) ഉല്പാദന മേഖലയിൽ 67 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി)&(ഡി) ബന്ധപ്പെട്ട സഹകരണ സംഘങ്ങൾ നേരിട്ടാണ് നിയമനം നടത്തുന്നത്. സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളിലെ മാനദണ്ഡ പ്രകാരം ഒഴിവുകൾ സംബന്ധിച്ച വിവരം പത്രപ്പരസ്യം ചെയ്ത് പുറമെയുള്ള ഏജൻസിയെ കൊണ്ട് എഴുത്തു പരീക്ഷ നടത്തി ഇന്റർവ്യൂവും നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയാണ് നിയമിക്കേണ്ടത്.

†അനുബന്ധം XXII,XXII എ

LIBRARY ARCHIVES Kerala Legislative Assembly